"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല ചാത്തമംഗലം ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.48/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 04/01/2020

---

പരാമർശം:- 1) 2/03/2019 ലെ സ.ഉ.(സാധാ)നം.500/2019/തസ്വഭവ ഉത്തരവ്

2) ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19/10/2019 ലെ എ1-1234/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ 04.04.2019 മുതൽ 11.06.2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് നൽകുവാനുണ്ടായിരുന്ന 21,97,468/-രൂപയിൽ 11 ലക്ഷം രൂപ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയിരുന്നു. ടിയാൾക്ക് ബാക്കി നൽകേണ്ട 10,97,468/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന്, G P S അനുസരിച്ചുള്ള ട്രിപ്പ് ഷീറ്റ് പ്രകാരം കരാറുകാരന് കൂടുതലായി നൽകാനുള്ള 10,97,468/- രൂപ (പത്തു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാനൂറ്റി അറുപത്തി എട്ടു രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ